LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് അനുവദിച്ച സാമ്പത്തിക ഇളവ്

121 [439] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാത്ത കൃഷിക്കാർക്ക് ഗവൺമെന്റ് അനുവദിച്ച സാമ്പത്തിക ഇളവു സംബന്ധിച്ച നടപടികളുടെ പൂർണ്ണ വിവരം ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. †

വെയർഹൗസിംഗ് കോർപ്പറേഷൻ അസിസ്റ്റന്റ് മാനേജർ നിയമനം

122 [440] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെയർഹൗസിംഗ് കോർപ്പറേഷനിലെ അസിസ്റ്റന്റ് മാനേജർ നിയമനം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ എപ്രകാരമാണ് എന്ന് വിശദമാക്കാമോ;

(സി) ഈ തസ്തികയിലേക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനയോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) വെയർഹൗസിംഗ് കോർപ്പറേഷനിൽ പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും പുതുതായി എത്രപേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകാര്യമായ അപേക്ഷകരിൽ നിന്നും എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്.

(സി) ബിരുദാനന്തര ബിരുദം, എം. സി. എ., എഞ്ചിനീയറിംഗ് ബിരുദം, എന്റമോളജിയിൽ ബിരുദാനന്തര ബിരുദം, പേഴ്സണൽ മാനേജ്മെന്റിൽ പി. ജി. ഡിപ്ലോമ, നിയമബിരുദം, സി.എ./കോസ്റ്റ് അക്കൗണ്ടന്റ് എന്നിവയാണ്.

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ 39 പേർ ജോലി ചെയ്യുന്നുണ്ട്. പുതുതായി 30 പേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു.

---

† അനുബന്ധം VII

അനുബന്ധം VII

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 121(439)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

1. സഹകരണ സംഘങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ 1 വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീ ഇംപേഴ്സ് ചെയ്യുന്നതാണ്. മോറട്ടോറിയം കാലാവധിക്കുശേഷം വായ്പതുക യുക്തിസഹമായ രീതിയിൽ സർക്കാരും പ്രസ്തുത സ്ഥാപനങ്ങളും റീഷെഡ്യൂൾ ചെയ്യേണ്ടതാണെന്നു നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. വരൾച്ച ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ കടങ്ങൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ ബാങ്കുകൾ 2 വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

3. സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പകളിൻമേൽ ജപ്തി ഉൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും 17-4-2004 മുതൽ 1 വർഷത്തേക്ക് നിർത്തി വച്ചിട്ടുണ്ട്.

4. വയനാട് ജില്ലയിൽ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 3 വർഷത്തേക്ക് പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുവാനും അതാത് വർഷം അത് ബന്ധപ്പെട്ട ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനും പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് കർഷകർക്ക് പലിശയിളവ് നൽകുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

5. വായ്പ തുകയുടെ പരിധി ഉയർത്തണമെന്നും മോറോട്ടോറിയം കാലാവധി ദീർഘിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിച്ച് വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നു കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 2006-മാർച്ച് 31 വരെ പലിശയിളവ് അനുവദിച്ചിട്ടുണ്ട്. 50,000 രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ളവർക്കും 50000 രൂപ വരെ ടി ആനുകൂല്യം ലഭിക്കും. പലിശ അടച്ചു കഴിഞ്ഞവർക്ക് ഈ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതാണ്.

6. കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനായി സഹകരണസംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനു സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ആയതിന്റെ കാലയളവ് 31-3-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

7. ഹ്രസ്വകാലവായ്പകൾ മദ്ധ്യകാലവായ്പകളായും മദ്ധ്യകാലവായ്പകൾ പ്രത്യേക മദ്ധ്യകാലവായ്പകളായും മാറ്റുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും അതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കാർഷിക കടങ്ങൾ കൂടുതൽ സെക്യൂരിറ്റി ആവശ്യമില്ലാതെ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

8. പുനർവായ്പാ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് 8.5 ശതമാനമായും 25,000 രൂപയ്ക്കുമുകളിലുള്ള വായ്പകളുടെ പലിശനിരക്ക് 9 ശതമാനമായും നിജപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly